കലവൂർ—കാട്ടർ റോഡ്

*൧൩൫. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കലവൂർ—കാട്ടർ റോഡിനായി ഈ കഴിഞ്ഞ വർഷം എത്ര തുക നീക്കിവച്ചു;

(ബി) നീക്കിവച്ച തുക ചിലവാക്കിയിട്ടുണ്ടോ?

പൊതുമരാമത്തും, ഗതാഗതവും, കൃഷിയുംവകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): (എ) ൧൯൫൪—൫൫ വർഷത്തിലെ ബഡ്ഡറ്റിൽ ൧൦,൦൦൦ രൂപാ ഈ ജോലിക്കായി കൊള്ളിച്ചിട്ടുണ്ട്.

(ബി) ഈ ജോലി ഈ വർഷം തന്നെ പൂർത്തിയാകുമെന്നുള്ളതിനാൽ തുക മുഴുവൻ ചിലവാകാനിടയുണ്ട്.

കയർ വ്യവസായം

*൧൩൭. (൫) ശ്രീമതി ദേവകിഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കയർവ്യവസായ പ്രോത്സാഹനാർത്ഥം തിരുവിതാംകൂർ-കൊച്ചി ഗവൺമെണ്ടിൽനിന്നും കേന്ദ്രഗവൺമെണ്ടിനോട് എതെങ്കിലും സംഖ്യ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) സംഖ്യ എത്രയാണെന്ന പറയാമോ;

(സി) അങ്ങനെ ആവശ്യപ്പെട്ടിട്ട് എന്തായി എന്ന പറയാമോ?

വ്യവസായവും, എക്സൈസ്സും, തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) ഉണ്ട്.

(ബി) ൫൫ ലക്ഷം രൂപാ.

(സി) കേന്ദ്രഗവൺമെണ്ടിൽനിന്നും മറുപടി വന്നിട്ടില്ല.

കയർവ്യവസായം

*൧൩൦. (൧൦) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കയർവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനു് ഗവൺമെണ്ടിനു് എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു്?

വ്യവസായവും, എക്സൈസ്സും, തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) ഉണ്ട്.

(ബി) പദ്ധതി മേശപ്പുറത്തു് വച്ചിരിക്കുന്നു.

Scheme to organise and develop the Coir Industry on a Co-operative Basis

Scheme.—The scheme is to organise and develop the coir industry on a co-operative basis by bringing in the scheme all the persons engaged in the various stages of the coir industry as members of the Coir Co-operative Societies organised by and for them, exclusively for the purpose, and by rendering the necessary financial and other facilities by Government for carrying out the industry through these Coir Co-operative Societies.

LIBRARY ARCHIVES Kerala Legislative Assembly